## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 3375

18.02.2013 - ലെ മറുപടിയ്ക്ക്

### സ്ത്രീ ശാക്തീകരണത്തിനായി ന്യൂനപക്ഷക്ഷേമ വകുപ്പ് സ്വീകരിച്ച നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. ഉബൈദുള്ള | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ത്രീ ശാക്തീകരണത്തിനായി ന്യൂനപക്ഷക്ഷേമവകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;<br><br>(ബി) പ്രസ്തുത ആവശ്യത്തിന് 2012-13 വർഷത്തേയ്ക്ക് എന്ത് തുക നീക്കി വച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;<br><br>(സി) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം എന്താണെന്നും ഗുണഭോക്താവിന് എന്ത് സാമ്പത്തിക സഹായമാണ് ലഭിക്കുന്നതെന്നും വ്യക്തമാക്കുമോ? | (എ) യും (ബി) യും (സി) യും<br>സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ളതും എഴുപത് ശതമാനമെങ്കിലും ന്യൂനപക്ഷ വനിതകൾ അംഗങ്ങളുമായ അംഗീകൃത വനിതാ സ്വയം സഹായ സംഘങ്ങളിൽ നിന്നും അതാത് പ്രദേശത്തെ വിഭവ സ്രോതസ്സുകൾക്കും വിപണന സാധ്യതകൾക്കും അനുയോജ്യമായതും വിജയ സാധ്യതയുള്ളതുമായ സ്വയം സംരംഭക പദ്ധതികൾ ക്ഷണിക്കുകയും പദ്ധതികൾ പരിശോധിച്ച് തെരഞ്ഞെടുക്കപ്പെടുന്നവയ്ക്ക് പദ്ധതി ചെലവിന്റെ പകുതിയോ, രണ്ടര ലക്ഷം രൂപയോ ഏതാണ് കുറവ് അത് സാമ്പത്തിക സഹായമായി നൽകുന്ന ഒരു പദ്ധതി നിർവ്വഹണഘട്ടത്തിലാണ്. സംസ്ഥാനത്തൊട്ടാകെ ആദ്യഘട്ടത്തിൽ 50 സ്വയംസഹായസംഘങ്ങൾക്ക് സഹായം നൽകാനാണ് പദ്ധതിയിട്ടിട്ടുള്ളത്. ന്യൂനപക്ഷ ജനസംഖ്യാനുപാതത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകൾക്കും പദ്ധതികൾക്ക് പ്രാതിനിധ്യം നൽകുന്നുണ്ട്. ഇതിനായി നടപ്പുസാമ്പത്തിക വർഷം ഒരു കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ